പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2896 28-1-2014 ൽ മറുപടിക്ക്

## പുതിയ വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിലും ഹയർ സെക്കൻഡറി മലബാർ മേഖലാ കേന്ദ്രത്തിലും നടത്തിയ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിലും ഹയർ സെക്കൻഡറി മലബാർ മേഖലാ കേന്ദ്രത്തിലും നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഓരോ ഓഫീസുകളിലും നിയമനത്തിനായി ജീവനക്കാരുടെ പുനർവിന്യാസം നടത്തുകയോ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. പുതുതായി രൂപീകരിച്ച ഹയർ സെക്കൻഡറിയുടെ മലപ്പുറം, കോട്ടയം, കണ്ണൂർ മേഖലാ ഓഫീസുകളിലേയ്ക്കായി പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും 10 വീതം ക്ലർക്കുമാരെയും ഒന്നുവീതം ഫുൾടൈം മീനിയലുകളെയും പുനർവിന്യാസം നടത്തിയിട്ടുണ്ട്. കൂടാതെ ടി ഓഫീസുകൾക്കായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ | 3 |
| അക്കൗണ്ട്സ് ഓഫീസർ | 3 |
| ജൂനിയർ സൂപ്രണ്ട് | 3 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 6 |

പുതുതായി രൂപീകരിച്ച മണ്ണാർക്കാട്, തിരൂരങ്ങാടി, തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 8 ക്ലർക്ക്, 2 ടൈപ്പിസ്റ്റ്, 1 റെക്കോഡ് അറ്റന്റർ, 3 ഓഫീസ് അറ്റൻഡന്റ്, 1 ഫുൾ ടൈം മീനിയൽ തസ്തികകൾ വീതം പുനർവിന്യസിക്കുകയും കൂടാതെ ഈ ഓഫീസുകളിൽ ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരു പേഴ്സണൽ അസിസ്റ്റന്റ്, 2 ജൂനിയർ സൂപ്രണ്ട് എന്നിങ്ങനെ തസ്തികകൾ പുനർക്രമീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഓരോ ഓഫീസിലും നിലവിലുള്ള തസ്തികകളും ജീവനക്കാരും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (സി) | വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പുനർവിന്യസിക്കപ്പെട്ട ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; | (ഡി) | പുനർവിന്യസിക്കപ്പെട്ട എല്ലാ ജീവനക്കാരും ജോലിയിൽ പ്രവേശിച്ചിട്ടില്ല.. |
| (ഇ) | ഇല്ലെങ്കിൽ പ്രസ്തുത തസ്തികകളിലേക്ക് പി.എസ്.സി വഴി നിയമനം നടത്തുമോ? | (ഇ) | പുനർവിന്യസിച്ച തസ്തികകളിൽ ജീവനക്കാരില്ലാത്ത തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഹയർ സെക്കൻഡറി മേഖലാ ഓഫീസുകൾ

| തസ്തികയുടെ പേര് | അനുവദിച്ച തസ്തികയുടെ എണ്ണം | നിലവിലുള്ള ജീവനക്കാരുടെ എണ്ണം | | |
|---|---|---|---|---|
| | | കോട്ടയം | മലപ്പുറം | കണ്ണൂർ |
| റീജണൽ ഡെപ്യൂട്ടി ഡയറക്ടർ | 3 | 1 | 1 | 1 |
| അക്കൗണ്ട്സ് ഓഫീസർ | 3 | 1 | 1 | ഇല്ല |
| ജൂനിയർ സൂപ്രണ്ട് | 3 | ഇല്ല | 1 | ഇല്ല |
| എൽ.ഡി. ക്ലർക്ക് | 30 | 3 | 6 | 6 |
| എൽ.ഡി.ടൈപ്പിസ്റ്റ് | 6 | ഇല്ല | ഇല്ല | ഇല്ല |
| ഫുൾടൈം മീനിയൽ | 3 | 1 | ഇല്ല | ഇല്ല |

## ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

| തസ്തികയുടെ പേര് | അനുവദിച്ച തസ്തികയുടെ എണ്ണം | നിലവിലുള്ള ജീവനക്കാരുടെ എണ്ണം | | |
|---|---|---|---|---|
| | | മണ്ണാർക്കാട് | തിരൂരങ്ങാടി | തളിപ്പറമ്പ് |
| ജില്ലാ വിദ്യാഭ്യാസ ഓഫീസർ | 3 | ഇല്ല | ഇല്ല | ഇല്ല |
| പേഴ്സണൽ അസിസ്റ്റന്റ് | 3 | 1 | 1 | 1 |
| ജൂനിയർ സൂപ്രണ്ട് | 6 | 2 | 2 | 1 |
| ക്ലർക്ക് | 24 | 8 | 2 | ഇല്ല |
| ടൈപ്പിസ്റ്റ് | 6 | ഇല്ല | ഇല്ല | ഇല്ല |
| റെക്കോർഡ് അറ്റന്റർ | 3 | ഇല്ല | ഇല്ല | ഇല്ല |
| ഓഫീസ് അറ്റൻഡന്റ് | 9 | 1 | 1 | 1 |
| ഫുൾടൈം മീനിയൽ | 3 | ഇല്ല | 1 | 1 |

4-1-2014 ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ)നം.65/2014/പൊ.വി. പ്രകാരം മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലേയ്ക്ക് ഓരോ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ